LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2011-12 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷത്തിൽ സംസ്ഥാന സഹകരണ ബാങ്ക്, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS) എന്ന സ്ഥാപനത്തിന് മാത്രമേ വായ്പ നൽകിയിട്ടുള്ളൂ. 21-6-2012-ൽ 10 കോടി രൂപയാണ് രണ്ടാമത്തെ വായ്പയായി അനുവദിച്ചത്. മുമ്പ് 9-1-2010-ൽ 10 കോടി രൂപ ആദ്യ വായ്പയായി നൽകിയിരുന്നു.

(ബി) നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS)-ന് 10 കോടി രൂപയിലധികം വായ്പ നൽകിയിട്ടുണ്ട്.

(സി) നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS)-ന്റെ 2 വായ്പകളുടേയും കാലാവധി 10 വർഷമാണ്. പലിശ യഥാക്രമം 12 ശതമാനവും 12.5 ശതമാനവുമാണ്.

സഹകരണ സ്ഥാപനങ്ങൾവഴി കൂടുതൽ സേവനങ്ങൾ

90(2128) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾ വഴി കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) സഹകരണ സ്ഥാപനങ്ങളിലെ പ്രവർത്തനം സുതാര്യവും അഴിമതി രഹിതവുമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണ സ്ഥാപനങ്ങൾ വഴി കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആരോഗ്യമേഖല, പട്ടികജാതി/പട്ടികവർഗ്ഗ മേഖല, അച്ചടി മേഖല, റബ്ബർ മാർക്കറ്റിംഗ് മേഖല, വനിതാ ക്ഷേമം എന്നീ മേഖലകളിൽ പഠനം നടത്തിവരികയും മറ്റ് മേഖലകളിൽ പഠനം നടത്തുന്നതിന് നടപടി സ്വീകരിച്ച വരികയുമാണ്. ലേബർ കോൺട്രാക്ട് സംഘങ്ങളുടെയും ടൂറിസം സഹകരണ സംഘങ്ങളുടെയും അപ്പക്സ് ഫെഡറേഷനുകൾ രൂപീകരിക്കുകയും പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ സ്ഥാപനങ്ങളും കോഴ്സുകളും ആരംഭിക്കുകയും, കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുകയും ജൈവ പച്ചക്കറി

കൃഷി ലക്ഷ്യമാക്കിയുള്ള സുവർണ്ണകേരളം പദ്ധതി നടപ്പിലാക്കുകയും 'ഓപ്പറേഷൻ കുബേര'-യുടെ ഭാഗമായി നടപടി സ്വീകരിക്കുകയും വാർഷിക പദ്ധതികളിൽ പുതിയ ധനസഹായ പദ്ധതികൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ക്യാൻസർ കെയർ സെന്റർ, ഫ്ലാറ്റ് സമുച്ചയ നിർമ്മാണം എന്നിവ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകൾവഴി ആധുനിക ബാങ്കിംഗ് സേവനങ്ങൾ നൽകുന്നതിന്റെ ഭാഗമായി ബാങ്കുകളുടെ കമ്പ്യൂട്ടറൈസേഷൻ, എ.ടി.എം., കോർബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ് എന്നിവ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(ബി) സഹകരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ സുതാര്യവും അഴിമതി രഹിതവുമാക്കുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിനും സംഘങ്ങളിൽ കൃത്യമായ പരിശോധന നടത്തുന്നതിനാവശ്യമായ രീതിൽ വകുപ്പിലെ ജനറൽ വിഭാഗം പുനഃസംഘടിപ്പിക്കുന്നതിനും ആഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ആഡിറ്റ് മാന്വൽ പരിഷ്കരിക്കുന്നതിനും വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ/ഇ-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കുന്നതിനും വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് കൂടുതൽ പരിശീലനം നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

അടച്ചുപൂട്ടിയ നീതി, നന്മ, ത്രിവേണി സ്റ്റോറുകൾ

91(2129) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ ആരംഭിച്ച എത്ര നീതി, നന്മ, ത്രിവേണി സ്റ്റോറുകളാണ് ഓരോ ജില്ലയിലും അടച്ച് പൂട്ടിയതെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലവുമായി താരതമ്യം ചെയ്യുമ്പോൾ കൺസ്യൂമർ ഫെഡ് വഴിയുള്ള വ്യാപാരത്തിൽ എത്ര ശതമാനത്തിന്റെ കുറവാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന ത്രിവേണി മൊബൈൽ യൂണിറ്റുകളിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly